**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4427** **29-10-2021 - ൽ മറുപടിയ്ക്ക്**

**ഭൂമിയുള്ള ഭവനരഹിതർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് ഭൂമിയുള്ള ഭവനരഹിതരായി കണ്ടെത്തിയിട്ടുള്ള പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഭൂമിയുള്ളതും എന്നാൽ ശോച്യാവസ്ഥയിലുള്ള വീടുകൾ ഉള്ളവരുമായ 16,070 പട്ടികവർഗ്ഗക്കാർ ഉള്ളതായി 2019-20-ൽ പട്ടികവർഗ്ഗ വികസന വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഇവർ ലൈഫ് പദ്ധതി പ്രകാരം ഭൂമിയുള്ള ഭവനരഹിതർ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പ് കണ്ടെത്തിയ 16,070 പേരുടെ പട്ടിക തുടർ നടപടികൾക്കായി ലൈഫ് മിഷന് കൈമാറുകയും, ആയതിൽ 12931 പേരെ ലൈഫ് മിഷൻ അർഹരെന്ന് കണ്ടെത്തുകയുണ്ടായി. അവരിൽ നിന്നും 10,916 പേരെ ലൈഫ് മിഷൻ കമ്മിറ്റി അംഗീകരിക്കുകയും അതിൽ 5177 പേർ ഭവനനിർമ്മാണത്തിനായി കരാർ വെക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമിയും പാർപ്പിടവും ലഭ്യമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. പ്രത്യേക ഭവനനിർമ്മാണ പദ്ധതി ആവിഷ്കരിക്കുന്നത് സംബന്ധിച്ച ശുപാർശ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | ഇല്ലെങ്കിൽ ലൈഫ് പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ടവർക്കായി പ്രത്യേക ഭവന നിർമ്മാണ പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം നൽകാമോ? | (സി) | പട്ടികവർഗ്ഗ വികസന വകുപ്പ് കണ്ടെത്തിയ 16,070 പേരുടെ പട്ടിക തുടർ നടപടികൾക്കായി ലൈഫ് മിഷന് കൈമാറുകയും, ആയതിൽ 12931 പേരെ ലൈഫ് മിഷൻ അർഹരെന്ന് കണ്ടെത്തുകയുണ്ടായി. അവരിൽ നിന്നും 10,916 പേരെ ലൈഫ് മിഷൻ കമ്മിറ്റി അംഗീകരിക്കുകയും അതിൽ 5177 പേർ ഭവനനിർമ്മാണത്തിനായി കരാർ വെക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമിയും പാർപ്പിടവും ലഭ്യമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. പ്രത്യേക ഭവനനിർമ്മാണ പദ്ധതി ആവിഷ്കരിക്കുന്നത് സംബന്ധിച്ച ശുപാർശ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ